

അധികാരം ജനങ്ങൾക്ക്

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്
തിരുവനന്തപുരം

അധികാരം ജനങ്ങൾക്ക് ○ പ്രസിദ്ധീകരണം, വിതരണം : കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, തൃശൂർ 680 002 ○ അച്ചടി : സോഷ്യൽ സയൻറിസ്റ്റ് പ്രസ്, തിരുവനന്തപുരം ○ ഒന്നാം പതിപ്പ് : ജൂലായ് 1989 ○ വില : ഒരു രൂപ.

malayalam ○ adhikaram janangalkku ○ published & distributed by : kerala sastra sahithya parishad, Trichur- 680 002 ○ Printing: Social Scientist Press, Trivandrum ○ First Edition : July 1989 ○ Price: one rupee.

KSSP 0419 IE July 1989 10K 100 LL10/DP 89

ആസൂത്രണ വികേന്ദ്രീകരണം

ആമുഖം

ജനജീവിതത്തിന്റെ എല്ലാ തുറകളിലേക്കും ശാസ്ത്രത്തിന്റെ വെളിച്ചം എത്തിക്കുന്നതിനുവേണ്ടി രണ്ട് പതിററാണ്ടിലേറെയായി കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഒരു സംഘടനയാണ് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്. ശാസ്ത്രം ജനങ്ങളുടെ സാംസ്കാരിക വികസനത്തിനും സാമ്പത്തിക വികസനത്തിനും ഒരേപോലെ ഉപകരിക്കണം. കേരളത്തിന്റെ മൊത്തം സാമ്പത്തിക വികസനത്തെ വിവിധ മേഖലകളാക്കിത്തിരിച്ച് പരിശോധിക്കാൻ പരിഷത് ഒരു പതിററാണ്ട് മുമ്പെ ഒരു ശ്രമം നടത്തുകയുണ്ടായി. അതിന്റെ ഫലമായി ''കേരളത്തിന്റെ സമ്പത്ത്''' എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കുകയും വിവിധ ജനവിഭാഗങ്ങൾക്കിടയിൽ വ്യാപകമായി ചർച്ച ചെയ്യുകയും ഉണ്ടായി. 1985 ൽ പരിഷത്തിന്റെ 22-ാം വാർഷികത്തോടനുബന്ധിച്ച് കേരളത്തിന്റെ വികസനത്തിന് ഒരു പരിപ്രേക്ഷ്യം അവതരിപ്പിക്കുകയുണ്ടായി. തുടർന്ന്, കേരളത്തിന്റെ വ്യവസായവൽക്കരണത്തിന് ഒരു പരിപ്രേക്ഷ്യവും അവതരിപ്പിച്ചു. എട്ടാം പദ്ധതിയെ സന്ദർഭമാക്കിക്കൊണ്ട്, കേരളത്തിന്റെ വികസനത്തിനൊരു രൂപരേഖ അവതരിപ്പിക്കാൻ 25-ാം വാർഷിക സുവനീറായ, ''കേരളത്തിന്റെ എട്ടാംപദ്ധതി: ചർച്ചകൾക്കൊരാമുഖം'' എന്ന ഗ്രന്ഥത്തിലൂടെ ശ്രമിക്കുകയുണ്ടായി.

ഒരു ജനകീയ ശാസ്ത്ര സംഘടനയെന്നനിലയിൽ ശാസ്ത്രപ്രചരണം നടത്തുകയും നിലവിലുള്ള വികസന സംവിധാനത്തിലെ അശാസ്ത്രീയതകൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നതോടൊപ്പം പരിമിതികൾക്കകത്ത് നിന്നുകൊണ്ട് ജനകീയമായ ബദൽ വികസന മാർഗങ്ങൾ രൂപപ്പെടുത്തുകയെന്നതും പരിഷത് അതിന്റെ കടമയായി കരുതി. വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം വർധിപ്പിക്കുകയെന്നതാണ് ഈ സമീപനത്തിന്റെ ഒരു പ്രധാനഘടകം. ഈ ലക്ഷ്യം മുൻനിർത്തി പരിഷത്ത് ഗ്രാമശാസ്ത്രസമിതികൾ രൂപീകരിക്കുകയുണ്ടായി. ഗ്രാമതല ആസൂത്രണത്തിനുള്ള അനൗപചാരിക ആസൂത്രണ സമിതികൾ എന്ന നിലക്കായിരുന്നു അവ വിഭാവനം ചെയ്തിരുന്നത്. ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിൽ അധികാരവികേന്ദ്രീകരണത്തിനുള്ള പ്രാധാന്യം പരിഷത്തിന് വ്യക്തമായിരുന്നു.

കേരളത്തിന്റെ ഇന്നത്തെ സവിശേഷ സാഹചര്യത്തിൽ അധികാര വികേന്ദ്രീകരണം കൂടുതൽ പ്രസക്തമാണ്. വളരെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഒരു സംസ്ഥാനമാണ് കേരളം. ഈ പ്രതിസന്ധിയാകട്ടെ കൂടുതലായി അനുഭവവേദ്യമാകുന്നത് ഗ്രാമപ്രദേശങ്ങളിലാണുതാനും. കാർഷികോൽപാദനം കുറയുകയും ഗ്രാമീണ വ്യവസായങ്ങൾ തകരുകയും ചെയ്യുന്നു. ഇതോടൊപ്പം രൂക്ഷമായ തൊഴിലില്ലായ്മ കൂടിയാവുമ്പോൾ നാം നേരിടുന്ന പ്രതിസന്ധിക്ക് ഇന്നത്തെ സംവിധാനത്തിൽ പരിഹാരം കാണാൻ കഴിയില്ലെന്ന് വരുന്നു. അതിവിപുലമായ ജനപങ്കാളിത്തത്തോടെയുള്ള ഗ്രാമീണ നിർമാണ പ്രവർത്തനം സംഘടിപ്പിക്കുകയും നമ്മുടെ നാട്ടിൻപുറത്തെ മനുഷ്യാധ്വാനശേഷിയെ ഇതിനായി ഉപയോഗപ്പെടുത്താൻ കഴിയുകയും ചെയ്താലെ പ്രശ്നം കുറെയെങ്കിലും പരിഹരിക്കാൻ കഴിയൂ. കേരളത്തിന്റെ എട്ടാം പദ്ധതിയോടുള്ള സമീപനരേഖയിൽ സംസ്ഥാന ആസൂത്രണ ബോർഡ് ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം ഒരു ശ്രമത്തിൽ വികേന്ദ്രീകൃതാസൂത്രണ സംവിധാനത്തിനും പഞ്ചായത്ത് ഭരണസമിതിക്കും വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കാനുണ്ട്.

പഞ്ചവൽസര പദ്ധതികൾക്ക് നിർദിഷ്ട ലക്ഷ്യങ്ങൾ നേടാൻ കഴിയാതെ വരുന്നതിന്റെ ഒരു പ്രധാനകാരണമായി വിദഗ്ധൻമാർ ചൂണ്ടിക്കാണിക്കുന്നത് ആസൂത്രണത്തിലും നിർവഹണത്തിലുമുള്ള കേന്ദ്രീകരണവും ജനപങ്കാളിത്വത്തിന്റെ അഭാവവും ആണ്.. പഞ്ചവത്സരപദ്ധതികൾ ആരംഭിച്ചതോടൊപ്പം തന്നെ ഈ പ്രശ്നവും സജീവമായി പരിഗണിക്കപ്പെട്ടിരുന്നു. ഒട്ടേറെ കമ്മീഷനുകളെ നിയോഗിക്കുകയും പഠനറിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ ഫലമായി ഗ്രാമവികസനം, നാഷണൽ എക്സ്റ്റൻഷൻ സർവീസ്, സാമൂഹ്യക്ഷേമം, ദാരിദ്ര നിർമാർജനം തുടങ്ങിയ ലക്ഷ്യത്തോടെയുള്ള പ്രത്യേക പരിപാടികളും ആരംഭിച്ചു. ദരിദ്രരും സാധാരണക്കാരുമായ ജനങ്ങളുടെ ഉന്നതിക്കായി ആരംഭിച്ച ഇത്തരം പദ്ധതികൾ ഫലപ്രദമാകണമെങ്കിൽ, അവയുടെ രൂപീകരണത്തിലും നിർവഹണത്തിലും ജന പങ്കാളിത്തം വേണമെന്ന അഭിപ്രായം ശക്തിപ്പെട്ടുവന്നു. ഇതേ തുടർന്നാണ് പഞ്ചായത്ത് രാജ് സംവിധാനം ആരംഭിച്ചത്. മിക്ക സംസ്ഥാനങ്ങളിലും പഞ്ചായത്ത് രാജ് സംവിധാനത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. ആശാവഹമായ തുടക്കമായിരുന്നെങ്കിലും ഏതാനും സംസ്ഥാനങ്ങളിൽ മാത്രമെ ഈ സംവിധാനം വിജയകരമായി നടപ്പാക്കിയുള്ളൂ. ദേശീയാടിസ്ഥാനത്തിൽ പഞ്ചായത്ത് രാജ് സംവിധാനം ശക്തിപ്പെടുത്താനായി പുതിയൊരു ഭരണഘടനാ ഭേദഗതിതന്നെ ഇപ്പോൾ കേന്ദ്രസർക്കാർ നിർദേശിച്ചിരിക്കയാണ്. കേരളത്തിലാകട്ടെ, എട്ടാം പദ്ധതിയിലേക്കുള്ള ഏതാണ്ട് മൂന്നിലൊന്നം

പ്രവർത്തനങ്ങരം രൂപപ്പെടുത്തുന്നതിനുള്ള അധികാരം ജില്ലാ വികസന സമിതികരംക്കും പഞ്ചായത്ത് സമിതികരംക്കും നൽകിയിരിക്കയാണ്. ഈ പശ്ചാത്തലത്തിൽ വികസനത്തെക്കുറിച്ചും, വികേന്ദ്രീകൃതാസൂത്രണം അധികാരവികേന്ദ്രീകരണം, പഞ്ചായത്ത് രാജ് എന്നിവ സംബന്ധിച്ചും ഉള്ള ശാസ്ത്രീയ സമീപനം രൂപപ്പെടുത്തുകയും, അത് ജനങ്ങരംക്കിടയിൽ പ്രചരിപ്പിക്കുകയും ചെയ്യേണ്ടത് ആവശ്യമായിറിക്കുന്നു.

വികസനത്തെകുറിച്ച് ജനങ്ങരം കൂടുതൽ അറിയുകയും വികസനപ്രവർത്തനങ്ങളിൽ കൂടുതൽ ഇടപെടുകയും ചെയ്യുന്നതിലൂടെ മാത്രമെ ആസൂത്രണപ്രക്രിയകരം ജനാധിപത്യവൽക്കരിക്കാൻ കഴിയൂ. ജനാധിപത്യത്തിൻെറ അടിസ്ഥാനം ഭരണ പ്രക്രിയയിലെ ജനപങ്കാളിത്തമാണ്. ഭൂരിഭാഗം ജനങ്ങളുടെ താൽപര്യ സംരക്ഷണമാണ് ജനാധിപത്യം ഉറപ്പുവരുത്തുന്നത്. വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിലൂടെ ജനാധിപത്യം കൂടുതൽ ശക്തവും അർത്ഥവത്തും ആയിത്തീരും.

വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യത ഏററവും കൂടുതലുള്ളത് പഞ്ചായത്തുതലത്തിലാണ്. ഇതിനാകട്ടെ, ജനങ്ങളും പഞ്ചായത്തുകളും മററ് ഭരണതലങ്ങളും തമ്മിലുള്ള യോജിച്ച പ്രവർത്തനമാവശ്യമാണ്. അതേ സമയംതന്നെ ഇവക്കോരോന്നിനും പ്രത്യേക പങ്ക് വഹിക്കാനുമുണ്ട്. പഞ്ചായത്തുകരംക്ക് ധനപരവും ഭരണപരവുമായ അധികാരം വികേന്ദ്രീകരിച്ച് നൽകുകയാണ് സർക്കാർ ചെയ്യേണ്ടത്. അതുവഴി പഞ്ചായത്തുകരംക്ക് അവയുടെ ഭൗതികാസൂത്രണം നടത്താനാവശ്യമായ സാങ്കേതിക സഹായവും മാർഗ്ഗനിർദേശവും ലഭ്യമാക്കാൻ കഴിയണം. പഞ്ചായത്തുകളാവട്ടെ, അവക്ക് ലഭിച്ച അധികാരങ്ങരം ഉപയോഗിച്ചുകൊണ്ട് പ്രവർത്തനങ്ങരം ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള ആത്മവിശ്വാസവും ശാസ്ത്രസാങ്കേതികശേഷിയും വർദ്ധിപ്പിക്കണം. ഇവയെല്ലാം സാദ്ധ്യമാകത്തക്കവിധം പദ്ധതി പ്രവർത്തനങ്ങളുടെ രൂപീകരണത്തിലും നിർവഹണത്തിലും ഇടപെടാൻ ജനങ്ങരം തയ്യാറാകണം.

സ്വാതന്ത്ര്യ സമരകാലത്ത് ഗ്രാമവികസനത്തെക്കുറിച്ച് ഒട്ടേറെ മധുരസ്വപ്നങ്ങളുണ്ടായിരുന്നു ''ഗ്രാമസ്വരാജി''ലൂടെജനങ്ങളുടെസർഗാത്മകശേഷി കെട്ടഴിച്ചു വിടുകയും രാഷ്ട്ര പുനർനിർമാണത്തിൽ അവരുടെ പങ്കാളിത്തവും ഉത്തരവാദിത്തവും വർധിപ്പിക്കുകയും ചെയ്തുകൊണ്ട് വികസ്വരമായ ഒരു സ്വതന്ത്ര ഇന്ത്യ കെട്ടിപ്പടുക്കാൻ കഴിയുമെന്ന് ഗാന്ധിജിയും നെഹ്റുവുമടക്കം പലരും കരുതിയിരുന്നു. എന്നാൽ സംഭവിച്ചത് മറെറാന്നാണ്. രാഷ്ട്ര പുനർനിർമാണത്തിൽ ജനങ്ങളുടെ പങ്കാളിത്തം നാരംക്കുനാരം കുറഞ്ഞുവന്നു. സംസ്ഥാനങ്ങ

ളുടെ അധികാരങ്ങളിൽ കേന്ദ്ര സർക്കാരും ജില്ലകളുടെയും പഞ്ചായത്തുകളുടെയും അധികാരങ്ങളിൽ പല സംസ്ഥാന സർക്കാരുകളും നടത്തിയ കടന്നുകയററവും തൽഫലമായി ഉണ്ടായ അധികാര കേന്ദ്രീകരണവും ആണ് ഇതിന് ഒരു കാരണം. പദ്ധതി പ്രവർത്തനങ്ങൾ മേലെ തലത്തിൽ നിന്ന് അടിച്ചേല്പിക്കപ്പെട്ടു. അനുയോജ്യമല്ലാത്ത സാഹചര്യങ്ങളിൽ പോലും അവ നടപ്പാക്കാൻ പ്രാദേശിക ഭരണ സ്ഥാപനങ്ങൾ നിർബന്ധിതരായി തീർന്നു. മാത്രമല്ല ഈ പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ രാഷ്ട്രീയ ഇച്ഛാശക്തി ഇല്ലാതിരുന്നതിനാൽ പലപ്പോഴും അവയുടെ നിലനിൽപിന് തന്നെ വളരെയേറെ ഭീഷണികൾ നേരിടേണ്ടിവന്നു. നിസ്സാര കാര്യങ്ങളുടെ പേരിൽ ഇവയിലേക്കുള്ള തെരഞ്ഞെടുപ്പുകൾ വർഷങ്ങളായി മാററിവെക്കപ്പെട്ടു. അധികാരത്തിലിരിക്കുന്ന പാർടികളുടേയും വ്യക്തികളുടേയും സങ്കുചിത രാഷ്ട്രീയാവശ്യത്തിനായി തെരഞ്ഞെടുത്ത പ്രാദേശിക ഭരണസമിതികളെ അതീവ ലാഘവത്തോടെ മറികടക്കുകയോ, അവഗണിക്കുകയോ ചെയ്തിട്ടുണ്ട്. ഇതിനൊക്കെ പുറമെ നേരത്തെ പ്രാദേശിക ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലായിരുന്നു പല പ്രവർത്തനങ്ങളും മുകൾത്തലത്തിലേക്ക് മാററപ്പെടുകയും ചെയ്തു. പ്രാദേശിക ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനമേഖലയിൽ മാത്രമല്ല, വിഭവങ്ങളുടെ മേലുള്ള അവരുടെ അധികാരങ്ങളിലും വലിയ ചോർച്ചയുണ്ടായിട്ടുണ്ട്.

ഒരു വശത്ത് സ്വതന്ത്ര ഇന്ത്യയിൽ തുടർന്നു നിലനിന്ന ഫ്യൂഡൽ സ്വാധീനവും മറുവശത്ത് നിരവധി പഞ്ചവത്സര പദ്ധതികളിലൂടെയായി നടന്നു വന്ന മുതലാളിത്ത വികസനവും സമൂഹത്തെ ആകെ, നാട്ടുപ്രമാണിമാരും മുതലാളിമാരും പുത്തൻ പണക്കാരുമടങ്ങുന്ന ഒരു ചെറു ന്യൂനപക്ഷവും, ദരിദ്രരും നിരക്ഷരരും ആയ ഒരു മഹാ ഭൂരിപക്ഷവും എന്ന നിലയിൽ വിഭജിച്ചു. വികസന പ്രക്രിയയുടെ മുഖ്യ ധാരയിൽനിന്ന് പുറന്തള്ളപ്പെട്ട ഈ ഭൂരിപക്ഷം ''ദുർബല വിഭാഗം'' എന്ന ഓമനപ്പേരിൽ അറിയപ്പെടാൻ തുടങ്ങി. ഇവരുടെ ഉന്നമനത്തിനെന്ന പേരിൽ പല നടപടികളും ആവിഷ്ക്കരിക്കപ്പെട്ടെങ്കിലും അവയൊന്നും ഫലപ്രദമായില്ല. വികസന പ്രവർത്തനങ്ങൾ പ്രാദേശികവും സാമൂഹികവുമായ അസമത്വം വർധിപ്പിക്കുന്നതിലേക്കാണ് നയിച്ചത്.

ധനികർക്കനുകൂലമായ ഈ അസന്തുലിത വികസനത്തോടൊപ്പം അതിരു കടന്ന കേന്ദ്രീകരണം കൂടി വന്നതോടെ പദ്ധതി പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം തികച്ചും അസാധ്യമായി. വികസന പ്രവർത്തനങ്ങളുടെ ഫലങ്ങൾ മിക്കതും ഉദ്ദിഷ്ട ഗുണഭോക്താക്കളിലേക്ക് എത്താതായി. ദുർവ്യയം, അഴിമതി എന്നിവ വികസന പ്രവർത്തന

ത്തിന്റെ ഭാഗമായിത്തീർന്നു. ദാരിദ്ര്യം, പട്ടിണി, തൊഴിലില്ലായ്മ, നിരക്ഷരത തുടങ്ങിയ അടിസ്ഥാനപ്രശ്നങ്ങൾക്ക് പരിഹാരംകാണാൻ ഒട്ടുകഴിഞ്ഞതുമില്ല. ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ നിറവേററുകയെന്നത് ഭരണഘടനാപരമായി സംസ്ഥാന സർക്കാരുകളുടെ കടമയാണ്. ഇത്തരം ഉത്തരവാദിത്തങ്ങൾ നാൾക്കുനാൾ വർധിച്ചുവരികയുമാണ്. സംസ്ഥാനങ്ങൾക്കാകട്ടെ വർധിച്ചുവരുന്ന ചെലവനുസരിച്ച് തങ്ങളുടെ വരുമാനാടിത്തറ വികസിപ്പിക്കാൻ കഴിയുന്നില്ല. പരിമിതമായ വരുമാനം പോലും ഉപയോഗിക്കുന്നതിന് സംസ്ഥാനങ്ങളുടെ മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തപ്പെട്ടു.

രാഷ്ട്രീയ പരിഗണനകൾക്ക് മുൻതൂക്കം നൽകപ്പെട്ടു. ഇതിന്റെ ഫലമായി പലപ്പോഴും കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ സംഘർഷാത്മകമായിത്തീർന്നിട്ടുണ്ട്. രാജ്യത്തിന്റെ ഐക്യത്തിനുതന്നെ അത് ഭീഷണിയായിത്തീർന്നു. ഈ സാഹചര്യത്തിലാണ് സർക്കാരിയ കമ്മിഷനെ നിയോഗിച്ചത്. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ പ്രായോഗികതല ബന്ധത്തിൽ കാര്യമായ മാററങ്ങൾ ആവശ്യമാണെന്നും അന്യോന്യം ആക്ഷേപമുണ്ടാക്കാത്തരീതിയിൽ ഒരു പെരുമാററച്ചട്ടം ഉണ്ടാക്കണമെന്നും അത് ശിപാർശ ചെയ്തു.

അധികാര വികേന്ദ്രീകരണം

കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെകുറിച്ച് മാത്രമല്ല, നമ്മുടെ മൊത്തം ഭരണ സംവിധാനത്തെക്കുറിച്ച്, അതായത് കേന്ദ്രം, സംസ്ഥാനം, ജില്ല, പഞ്ചായത്ത് തുടങ്ങിയ ഭരണതലങ്ങൾ തമ്മിൽ നിലവിലുള്ള ബന്ധത്തെകുറിച്ചുതന്നെ, ഒരു പുനർചിന്തനം വേണമെന്ന് ഇന്ന് എല്ലാ ഭാഗത്തുനിന്നും ആവശ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു.

ജില്ലാ കൗൺസിലുകൾ, പഞ്ചായത്തുകൾ തുടങ്ങിയ പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാൻ കഴിയുന്ന എല്ലാ വികസന പ്രവർത്തനങ്ങളുടേയും ആസൂത്രണവും നിർവ്വഹണവും പൂർണ്ണമായി അതത് സമിതികളെ ഏൽപിച്ച് കൊടുക്കുകയും അതിനുള്ള ധനപരവും ഭരണപരവുമായ അധികാരങ്ങൾ നൽകുകയുമാണ് അധികാരവികേന്ദ്രീകരണമെന്നതുകൊണ്ടുദ്ദേശിക്കുന്നത്. അതുകൊണ്ട്, അധികാര വികേന്ദ്രീകരണത്തിനായുള്ള ഏതൊരു നിർദ്ദേശവും പരിശോധിക്കേണ്ടത് താഴത്തെ തലത്തിലേക്ക് നൽകുന്ന അവകാശങ്ങളും, അവസരങ്ങളും, അധികാരങ്ങളും വെച്ചുകൊണ്ടായിരിക്കണം.

ഓരോ ഭരണതലത്തിന്നും അതിന്റേതായ പ്രസക്തിയും പ്രത്യേകമായ പ്രവർത്തനങ്ങളുമുണ്ട്, ഉദാ:രാജ്യരക്ഷ, നോട്ടടിക്കൽ, സമ്പാദ്യം, നിക്ഷേപം, എന്നിവ സംബന്ധിച്ച കാര്യങ്ങൾ കേന്ദ്ര സർക്കാർ

തന്നെ തീരുമാനിക്കേണ്ട കാര്യങ്ങളാണ്. ഇതേപോലെ ക്രമസമാധാനം, വൈദ്യുതി ഉല്പാദനം, വൻകിട ജലസേചനം തുടങ്ങി സംസ്ഥാനം നേതൃത്വം കൊടുക്കേണ്ട പ്രവർത്തനങ്ങളുണ്ട്. ഇതേപോലെ ജില്ലകൾക്കും പഞ്ചായത്തുകൾക്കുമൊക്കെ വ്യത്യസ്തവും എന്നാൽ പരസ്പര ബന്ധിതവുമായ പ്രവർത്തനങ്ങൾ കാണാവുന്നതാണ്. ഇവ പ്രായോഗിക തലത്തിൽ വരുമ്പോൾ ഒന്നിന്റെ അധികാരം മററൊന്ന് കവർന്നെടുക്കുന്നതായോ, ഒന്നിന് അർഹിക്കുന്ന പദവി കിട്ടുന്നില്ലെന്നതായോ ആക്ഷേപമുണ്ടാകരുത്. വ്യത്യസ്ത ഭരണതലങ്ങൾ തമ്മിലുള്ള കീഴ്മേൽ ബന്ധം മുകളിൽനിന്ന് താഴോട്ടും താഴെനിന്ന് മുകളിലേക്കും ഒരേപോലെ നിലനിൽക്കണം. എന്നാൽ, ഇന്ന് താഴോട്ടുള്ള ബന്ധം മാത്രമെ നിലനിൽക്കുന്നുള്ളു. ആജ്ഞാനുവർത്തികളായ താഴത്തെ തലങ്ങളിൽ, ആശ്രിതത്വവും വിധേയത്വവും വർദ്ധിപ്പിക്കുന്നതിനാണ് നിലവിലുള്ള സംവിധാനങ്ങൾ സഹായകമാകുന്നത്.

രാജ്യത്ത് നിലവിലുള്ള എല്ലാതരം ചൂഷണങ്ങൾക്കുമുള്ള ഏക പരിഹാരം വികേന്ദ്രീകൃതാസൂത്രണമാണെന്നല്ല ഇവിടെ അർത്ഥമാക്കുന്നത്. എന്നാൽ, ഭൂരിഭാഗം വരുന്ന സാധാരണ ജനങ്ങൾക്ക് വികസന ആസൂത്രണത്തിലും നിർവ്വഹണത്തിലും പങ്കാളികളാകാൻ അവസരം നൽകുന്ന ഒരു ഭരണസംവിധാനം നിലവിൽ വരുന്നതിലൂടെ സാമൂഹ്യ സമത്വത്തിനും ചൂഷണത്തിനും എതിരായി രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന സമരത്തിന് ആക്കം കൂട്ടാൻ സഹായകമാകും. അതേപോലെ ദേശീയ ആസൂത്രണത്തിന് ബദലായിട്ടല്ല, മറിച്ച് പൂരകമായിട്ടാണ് വികേന്ദ്രീകരണത്തെ കാണേണ്ടത്. ആസൂത്രണത്തിന്തന്നെ തനതായ ഒരു കേന്ദ്രീകരണ സ്വഭാവമുണ്ട്. എന്നാൽ ഇതിന്നർത്ഥം സംസ്ഥാനങ്ങളുടേയും പ്രാദേശിക ഭരണ സ്ഥാപനങ്ങളുടേയും സ്വയംഭരണാവകാശം നിഷേധിക്കുക എന്നതല്ല. ഇന്ത്യയിൽ വിവിധ ഭാഷകൾ സംസാരിക്കുന്ന, വിവിധ പ്രാദേശിക പ്രത്യേകതകളുള്ള ജനങ്ങളും പ്രദേശങ്ങളുമാണുള്ളത്. ഇവയുടെ സ്വമേധയാ ഉള്ള ഒരു യൂണിയനാണ് ഇന്ത്യ. ഇത്തരം വിവിധ ദേശീയ ജനവിഭാഗങ്ങളുടെ സ്വയംഭരണാവകാശം ഉറപ്പുവരുത്തിക്കൊണ്ടുമാത്രമെ രാജ്യത്തിന്റെ ഐക്യം നിലനിർത്താനും ശക്തിപ്പെടുത്താനും കഴിയൂ. ഇതിന് ശക്തമായ കേന്ദ്രത്തോടൊപ്പം തന്നെ, ശക്തമായ സംസ്ഥാനങ്ങളും ജില്ലകളും പഞ്ചായത്തുകളും ആവശ്യമാണ്. പ്രാദേശിക സ്വയംഭരണാവകാശം നിഷേധിച്ചുകൊണ്ട് ഈ ലക്ഷ്യം നേടാൻ കഴിയില്ല.

ഇന്നത്തെ ഭരണസംവിധാനത്തിന്റെ കേന്ദ്രീകൃത സ്വഭാവം മാറണമെന്നുതന്നെയാണ് പൊതുവെ അഭിപ്രായം. താഴേക്ക് കൂടുതൽ അധികാരം നൽകണമെന്ന് എല്ലാ കമ്മീഷൻ റിപ്പോർട്ടുകളും നിർദ്ദേശിക്കുന്നുണ്ട്. എല്ലാവരും ആഗ്രഹം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും അവ

യൊന്നും യാഥാർത്ഥ്യമായിത്തീരുന്നില്ല. കേരളത്തിൽതന്നെ, ഏറെ ക്കാലത്തെ ശ്രമഫലമായി 1979 ൽ നിയമസഭ പാസാക്കിയതും. 1980ൽ പ്രസിഡണ്ടിൻെറ അനുമതി കിട്ടിയതുമായ ജില്ലാ ഭരണ നിയമം പോ ലും ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പശ്ചിമബംഗാൾ, കർ ണ്ണാടകം തുടങ്ങിയ സംസ്ഥാനങ്ങളിലെ സമഗ്രമായ നടപടികളും ഗുജറാത്ത്, മഹരാഷ്ട്ര, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിലെ ഭാഗി കമായ നടപടികളും മാത്രമാണ് ഇന്ത്യയിൽ ഇന്ന് പഞ്ചായത്ത് രാജി ൻേറയും അധികാര വികേന്ദ്രീകരണത്തിൻേറയും പേരിൽ നിലനിൽ ക്കുന്നത്.

എട്ടാംപദ്ധതിയുടെ രൂപീകരണ പ്രവർത്തനങ്ങൾ രാജ്യത്തുട നീളം തിടുക്കത്തിൽ നടന്നുവരികയാണ്. കേരളത്തിലിപ്പോൾ, തെര ഞ്ഞെടുത്ത ജില്ലാകൗൺസിലുകൾ ഇല്ലെങ്കിലും ജില്ലാവികസനസമിതി, ബ്ലോക്ക് വികസനസമിതി (BDC) പഞ്ചായത്ത് സമിതി എന്നിവയി ലൂടെ ഏതാണ്ട് മുപ്പത് ശതമാനം തുക ചെലവഴിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഇതോടെ, പദ്ധതിയുടെ രൂപീകര ണത്തിൽ പ്രാദേശിക ഭരണസ്ഥാപനങ്ങൾക്കും ജനങ്ങൾക്കും മുമ്പില്ലാ തിരുന്ന പങ്കാളിത്തം കൈവന്നിരിക്കുകയാണ്. ഈ അവസരം പ്രയോ ജനപ്പെടുത്തുന്നതിനും തങ്ങളുടെ ജീവിത പ്രശ്നങ്ങൾക്ക് കുറച്ചെങ്കി ലും പരിഹാരം കാണാൻ സഹായിക്കുന്ന വികസന പരിപാടികൾക്ക് രൂപം നൽകുന്നതിനും ജനങ്ങൾക്ക് കഴിയണം. അതിനായി പ്രാദേശി കാസൂത്രണത്തിൻെറയും ജനപങ്കാളിത്തത്തിൻേറയും സാദ്ധ്യതകൾ പൊതുജനങ്ങൾക്കിടയിൽ വ്യാപകമായി പ്രചരിപ്പിക്കുകയും ബോ ദ്ധ്യപ്പെടുത്തുകയും വേണം. ജനപ്രതിനിധികൾക്കായുള്ള പഠന കളരികൾ, വികസന ഉദ്യോഗസ്ഥൻമാർക്കിടയിൽ കേരളത്തിൻെറ എട്ടാം പദ്ധതിയോടുള്ള സമീപനത്തെക്കുറിച്ചുള്ള ചർച്ച, വികേന്ദ്രീ കൃതാസൂത്രണത്തെ കുറിച്ചുള്ള ബഹുജനവിദ്യാഭ്യാസപരിപാടി, ജന ങ്ങൾക്കിടയിൽ വ്യാപകമായ പ്രചാരണത്തിനായുള്ള വികസനജാഥ തുടങ്ങിയ പരിപാടികൾ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ആസൂ ത്രണം ചെയ്തത് ഈ ലക്ഷ്യം മുന്നിൽ വച്ചുകൊണ്ടായിരുന്നു.

പരിഷത് രൂപം നൽകിയ വികസനജാഥയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. കേരളത്തിൻെറ വികസനം, വികേന്ദ്രീകൃതാസൂത്രണം, പഞ്ചായ ത്ത് രാജ് എന്നിവയെ കുറിച്ചുള്ള ശാസ്ത്രീയ കാഴ്ചപ്പാട് ജന ങ്ങൾക്കിടയിൽ പ്രചരിപ്പിക്കുകയും വികസനം സംബന്ധിച്ച ഗൗരവമേറിയ പ്രശ്നങ്ങൾ കണ്ടെത്താനും പഠിക്കാനും ജനങ്ങളെ സഹായിക്കുകയും ചെയ്യുക.

2. അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കുന്നതിനും പദ്ധതികളുടെ രൂപീകരണത്തിലും നിർവഹണത്തിലും ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും ശരിയായ വികസനരീതി നടപ്പാക്കാമെന്ന് ഉറപ്പുവരുത്തുന്നതിനും സഹായകമായ പ്രക്ഷോഭ പരിപാടികൾ ആവിഷ്ക്കരിക്കുക

3. പഞ്ചായത്ത് തല പദ്ധതികൾ രൂപപ്പെടുത്തുമ്പോൾ അവ പരമാവധി ജനകീയവും ഫലപ്രദമാക്കുന്നതിനുള്ള ശാസ്ത്ര—സാങ്കേതിക കഴിവുകൾ പഞ്ചായത്ത് നേതൃത്വത്തിലേക്കും വികസനോദ്യോഗസ്ഥരിലേക്കും എത്തിക്കുക.

ഗ്രാമപാർലമെൻറ്, വാർഡ്തല വിളംബര ജാഥകൾ, ചർച്ച, സെമിനാർ, സർവെ, പുസ്തകപ്രചരണം എന്നീ പരിപാടികൾ വികസന ജാഥയുടെ മുന്നോടിയായി നടക്കും. ഇവയിലൂടെയും വികസനജാഥയിലൂടെയും ലഭ്യമാകുന്ന അനുഭവങ്ങൾ ക്രോഡീകരിച്ചുകൊണ്ട് ഈ രംഗത്തെ തുടർപ്രവർത്തനങ്ങൾക്ക് രൂപംനൽകുന്നതാണ്.

എന്തുകൊണ്ട് വികേന്ദ്രീകരണം?

വികസനത്തിനാവശ്യമായ വിഭവങ്ങൾ മിക്കതും സൃഷ്ടിക്കപ്പെടുന്നത് പ്രാദേശികതലത്തിൽ ആണ്. അവയെ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും കഴിയണം. വിവിധ ഏജൻസികൾ വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസന പരിപാടികൾ ഏകോപിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ ഇന്ന് പഞ്ചായത്തുകളിലില്ല. ഇതിൻെറ ഫലമായി വിവിധ വകുപ്പുകൾ ഒരേ പഞ്ചായത്തിൽതന്നെ ഒരേതരം പ്രവർത്തനം നടപ്പാക്കുന്നു. ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി പരിപാടികൾ രൂപീകരിക്കുന്നതിന് പകരം മുകളിൽ നിന്ന് രൂപപ്പെടുത്തി താഴെക്ക് അയക്കുന്ന 'ഇനം' പരിപാടികളായതുകൊണ്ടാണ് ഇങ്ങിനെ സംഭവിക്കുന്നത്. അതിനാൽ വികേന്ദ്രീകൃതാസൂത്രണംവഴി പദ്ധതികൾ രൂപപ്പെടുത്തുമ്പോൾ താഴെ പറയുന്ന ഘടകങ്ങൾക്ക് പ്രത്യേകം ഊന്നൽ നൽകേണ്ടതാണ്.

— പ്രാദേശികമായുള്ള വളർച്ചാ സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുകയും അതുവഴി വരുമാനവും തൊഴിലും വർദ്ധിപ്പിക്കുകയും ചെയ്യുക.

— വികസന പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ ദരിദ്രജനങ്ങൾക്ക് കൂടുതൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

— സമതുലിതമായ പ്രാദേശിക വികസനത്തെ സഹായിക്കുക.

— കുടിവെള്ളം, ആരോഗ്യ സൗകര്യങ്ങൾ, പാർപ്പിടം, വിദ്യാഭ്യാസ സൗകര്യങ്ങൾ, അവശ്യ വസ്തുക്കൾ എന്നിവ പൊതുവിൽ ലഭ്യമാക്കുക.

— വികസനത്തെ സഹായിക്കുന്ന സാമൂഹ്യ-സാമ്പത്തിക ഘടകങ്ങൾ ശക്തിപ്പെടുത്തുക.

— നിലവിലുള്ള സ്ഥാപനങ്ങളേയും സംഘടനകളേയും പാവപ്പെട്ടവർക്ക് അനുകൂലമായവിധം പുനഃക്രമീകരിക്കുക.

— ശാസ്ത്ര നേട്ടങ്ങൾ പരമാവധി ജനങ്ങളിലെത്തിക്കുക.

— വികസന പ്രവർത്തനങ്ങളിൽ ജനങ്ങളെ പങ്കാളികളാക്കുന്നതിലൂടെ അഴിമതി പരമാവധി കുറക്കുക.

ഇവയൊക്കെ സാധ്യമാകണമെങ്കിൽ ജനങ്ങൾക്കിടയിൽ വ്യാപകമായ പ്രക്ഷോഭ പ്രചാരണ പ്രവർത്തനങ്ങൾ നടത്തണം. അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് നാട്ടിൽ നടക്കുന്ന മുഴുവൻ കാര്യങ്ങളെക്കുറിച്ചും ജനങ്ങൾക്കിടയിൽ വ്യാപകമായ ചർച്ചകൾ നടക്കണം. കേന്ദ്രസർക്കാർ അവതരിപ്പിച്ച 64-ാം ഭരണഘടന ഭേദഗതി ബിൽ ഈ സാഹചര്യത്തിൽ സ്വാഭാവികമായും സജീവമായ ചർച്ചക്കു വിധേയമാകുന്നതാണ്.

ഭരണഘടനാ ഭേദഗതി ബില്ല്

64-ാം ഭരണഘടനാ ഭേദഗതി ബില്ലിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നു.

1 20 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള എല്ലാ സംസ്ഥാനങ്ങളും ത്രിതല പ്രാദേശിക ഭരണസംവിധാനം (ജില്ല-ഇടനിലം പഞ്ചായത്ത്) ഏർപ്പെടുത്തിയിരിക്കണം.

2 പഞ്ചായത്ത് സമിതികളിലെ എല്ലാ സ്ഥാനങ്ങളിലേക്കും നേരിട്ടുള്ള തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

3 പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് ജനസംഖ്യാനുപാതികമായും സ്ത്രീകൾക്ക് മുപ്പത് ശതമാനവും സംവരണം ഏർപ്പെടുത്തണം.

4 പഞ്ചായത്തുകളുടെ കാലാവധി അഞ്ച് വർഷമായിരിക്കും. ഈ കാലാവധിക്കുമുമ്പ് ഒരു പഞ്ചായത്തിൻെറ ഭരണം അവസാനിച്ചാൽ ആറ് മാസത്തിനകം തെരഞ്ഞെടുപ്പ് നടത്തിയിരിക്കണം. അവശേഷിക്കുന്ന കാലാവധി ആറ് മാസത്തിൽ കുറവാണെങ്കിൽ തെരഞ്ഞെടുപ്പ് വേണ്ടതില്ല.

5 സാമ്പത്തിക വികസനം, സാമൂഹ്യനീതി എന്നിവക്കുള്ള പദ്ധതികൾ രൂപപ്പെടുത്താനും വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനും വേണ്ട അധികാരങ്ങൾ പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ നൽകണം.

6 പഞ്ചായത്തുകളുടെ സാമ്പത്തിക സുസ്ഥിതിക്ക് വേണ്ടി സംസ്ഥാന ഫണ്ടിൽ നിന്ന് പഞ്ചായത്തുകൾക്ക് ഗ്രാൻറുകൾ നൽകുകയും പഞ്ചായത്തുകൾക്ക്തന്നെ നേരിട്ട് പിരിക്കാവുന്ന നികുതി, ഡ്യൂട്ടി, എന്നിവ അധികാരപ്പെടുത്തി കൊടുക്കുകയും വേണം.

7 സാമ്പത്തിക വിഭജന കാര്യങ്ങൾ തീരുമാനിക്കുന്നതിനുവേണ്ടി അഞ്ചു വർഷത്തിലൊരിക്കൽ ഒരു ധനകാര്യ കമ്മീഷനെ നിയമിക്കേണ്ടതാണ്.

8 പഞ്ചായത്ത് അടക്കം എല്ലാ ഭരണതലത്തിലേക്കുമുള്ള തെരഞ്ഞെടുപ്പിൻെറ മേൽനോട്ടം, നിയന്ത്രണം എന്നിവ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമായിരിക്കും.

9 കേന്ദ്ര ഓഡിററ് & എക്കൗണ്ടൻറ് ജനറലിന് ഉചിതമെന്ന് തോന്നുന്ന രീതിയിൽ പഞ്ചായത്തുകളുടെ കണക്കുകൾ ഓഡിററ് ചെയ്യാൻ അധികാരപ്പെടുത്തുന്നതാണ്.

10 ഷെഡ്യൂൾഡ് പ്രദേശങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഈ നിയമങ്ങൾക്ക് അനുയോജ്യമായ മാററം വരുത്താൻ രാഷ്ട്രപതിയേയോ, ഗവർണരേയോ അധികാരപ്പെടുത്തുക.

ഈ ബില്ല് അവതരിപ്പിക്കാനിടയായ സാഹചര്യങ്ങളും പിന്നീട് വിശദീകരിക്കുന്നുണ്ട്. മിക്ക സംസ്ഥാനങ്ങളിലും സമയബന്ധിതമായി തെരഞ്ഞെടുപ്പുകൾ നടത്താതിരിക്കുക, തെരഞ്ഞെടുത്ത പഞ്ചായത്ത് ഭരണസമിതികളെ മറികടക്കുക, ദുർബല വിഭാഗങ്ങൾക്ക് വേണ്ടത്ര പ്രാതിനിധ്യം കിട്ടാതിരിക്കുക, സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുക എന്നിവയൊക്കെയാണ് പ്രധാന കാരണങ്ങളായി പറഞ്ഞിട്ടുള്ളത്. പുതിയൊരു ഭാഗം (ഭാഗംIX) തന്നെ ഭരണഘടനയിൽ ഇത് സംബന്ധിച്ച് എഴുതി ചേർത്തിരിക്കുന്നു. പഞ്ചായത്തുകൾക്ക് ഏറെറടുക്കാവുന്ന പ്രവർത്തനമേഖലകൾ ഷെഡ്യൂൾ XI ആയി പ്രത്യേകം നൽകിയിട്ടുണ്ട്. കൃഷിയും അനുബന്ധപ്രവർത്തനങ്ങളും തുടങ്ങി സാമൂഹ്യ സ്വത്തുക്കളുടെ സംരക്ഷണം വരെയുള്ള 29 കാര്യങ്ങൾ പഞ്ചായത്തുകൾക്കായി നീക്കിവെച്ചിട്ടുണ്ട്.

64-ാം ഭരണഘടനാ ഭേദഗതി ബില്ലിൽ സ്വാഗതാർഹങ്ങളായ കുറെയേറെ നിർദ്ദേശങ്ങളുണ്ട്. അഞ്ചുവർഷം കൂടുമ്പോൾ തെരഞ്ഞെടുപ്പ് നടത്തുക, ദുർബല വിഭാഗങ്ങൾക്ക് സീററുകൾ സംവരണം ചെയ്യുക, ഭരണസമിതിയിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുക, പഞ്ചായത്തുകൾക്ക് ഭരണപരവും സാമ്പത്തികവുമായ അധികാരങ്ങൾ നൽകുക, പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും ജനങ്ങളെ പങ്കാളികളാക്കുക തുടങ്ങിയവയെല്ലാം സ്വാഗതാർഹങ്ങളായ നിർദ്ദേ

ശങ്ങളാണ്. എത്രയോ വർഷങ്ങളായി പല കാരണങ്ങൾ പറഞ്ഞ് തെരഞ്ഞെടുപ്പ് നടത്താതിരിക്കുകയോ നീട്ടിവെക്കുകയോ ചെയ്യുന്ന ഒട്ടേറെ സംസ്ഥാനങ്ങൾ ഇന്ത്യയിലുണ്ട്. പ്രത്യേകിച്ചും ഉത്തരേന്ത്യയിൽ അത്തരം സംസ്ഥാനങ്ങളിലെ പ്രാദേശിക ഭരണസ്ഥാപനങ്ങൾക്ക് ഈ നിർദ്ദേശങ്ങളെല്ലാം ആശ്വാസകരമാണ്. സങ്കുചിതമായ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി തെരഞ്ഞെടുത്ത പഞ്ചായത്ത് സമിതികൾ പിരിച്ചുവിട്ട് ഉദ്യോഗസ്ഥ ഭരണം ഏർപ്പെടുത്തുന്ന സംസ്ഥാനങ്ങളിലും ഈ നിർദ്ദേശങ്ങൾ ഗുണകരമായിരിക്കും.

ഇന്ത്യയിൽ പഞ്ചായത്ത്രാജ് സംവിധാനത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച എല്ലാ കമ്മീഷനുകളും എല്ലാ രാഷ്ട്രീയ പാർടികളും മററും നേരത്തെ തന്നെ അംഗീകരിക്കുകയും ആവശ്യപ്പെടുകയും ചെയ്ത കാര്യങ്ങൾ തന്നെയാണ് ബില്ലിലെ മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ പലതും. എന്നാൽ ഗുണത്തിലേറെ ദോഷം ചെയ്യുന്ന ചില നിർദേശങ്ങളും ഇതിൽ ഉണ്ട്.

ഒന്നാമതായി, സംസ്ഥാന ധനകാര്യക്കമ്മീഷൻെറ കാര്യം തന്നെയെടുക്കാം. സംസ്ഥാന ആസൂത്രണ ബോർഡിൻെറ നിർദ്ദേശങ്ങൾക്കനുസരിച്ച് പദ്ധതിയുടെ അടങ്കൽ തുക ജില്ലാ പരിഷത്തിനും താഴോട്ടും വിഭജിച്ച് നൽകുകയാണ് പഞ്ചായത്ത് രാജ്സംവിധാനം നടപ്പാക്കിയ സംസ്ഥാനങ്ങളിൽ ചെയ്തുവരുന്നത്. പശ്ചിമ ബംഗാളിൽ 1989-90 വർഷത്തിലെ വാർഷിക പദ്ധതിയിൽ 47% തുക പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്കായി നൽകിയിരുന്നു. അവയിലൂടെ രൂപപ്പെട്ടുവന്ന പദ്ധതികളും, വിവിധ വകുപ്പുകൾ രൂപപ്പെടുത്തുന്ന പദ്ധതികളും നഗരസഭകളുടെ പദ്ധതികളും ചേർന്നതാണ് സംസ്ഥാനത്തിൻെറ പദ്ധതി. അടുത്ത (1990-91) സാമ്പത്തിക വർഷത്തേക്ക് 50% തുക പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് നൽകാനുദ്ദേശിക്കുന്നു. കർണ്ണാടകത്തിൽ പദ്ധതി ചെലവിൻെറ ഏതാണ്ട് 33%വും പദ്ധതിയേതരച്ചെലവിൻെറ 22% വും പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്കായി നീക്കിവെച്ചിരിക്കയാണ്. ഇങ്ങനെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് സാമ്പത്തിക വിഭജനം നടത്തുന്നതിനുള്ള അധികാരം ഇന്ന് പൂർണ്ണമായും സംസ്ഥാന സർക്കാരുകൾക്കാണ്. പഞ്ചായത്ത്രാജ് സംവിധാനം നടപ്പാക്കാത്ത കേരളത്തിൽപ്പോലും എട്ടാം പദ്ധതിച്ചെലവിൻെറ 30% ജില്ലകളിലൂടെയും പഞ്ചായത്തുകളിലൂടെയും രൂപപ്പെട്ടുവരുന്ന പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ നീക്കിവെച്ചിരിക്കുന്നു. ഇതോടൊപ്പം പഞ്ചായത്തുകൾക്ക് നിർദ്ദിഷ്ടമായ നികുതിയും ഫീസും മററ് വരുമാനങ്ങളുമുണ്ട്. പഞ്ചായത്തിൻെറ കടമകൾ വർദ്ധിക്കുന്നതോടൊപ്പം വരുമാനാടിത്തറയും വികസിക്കണമെന്നതിൽ തർക്കമില്ല. ഇന്നത്തേതിനേക്കാൾ കൂടുതൽ നികുതികൾ പഞ്ചായത്തു

കാംക്കായി നീക്കിവെക്കുകയും അവ പിരിച്ചെടുക്കാനുള്ള സംവിധാന മുണ്ടാക്കുകയും വേണം. എന്നാൽ, ഇതൊക്കെ തീരുമാനിക്കുന്നതും നടപ്പാക്കുന്നതും അതത് സംസ്ഥാന സർക്കാരുകളും പ്രാദേശിക ഭരണ സ്ഥാപനങ്ങളും തമ്മിലുള്ള കൂട്ടായ പ്രവർത്തനത്തിൻെറ ഭാഗമായി വരേണ്ടതാണ്. അതിന് പകരം ഓരോ സംസ്ഥാനത്തിനും അഞ്ച് വർഷം കൂടുമ്പോഠം ഒരു ധനകാര്യക്കമ്മീഷൻ ഉണ്ടാകണമെന്ന് അനുശാസിക്കുകയും അത് പരിഗണിക്കേണ്ട കാര്യങ്ങഠം തീർച്ചപ്പെടുത്താനുള്ള അധികാരം ഗവർണർക്ക് നൽകുകയും ചെയ്യുന്നത് അധികാര വികേന്ദ്രീകരണത്തിനോ കേന്ദ്ര സംസ്ഥാന ബന്ധങ്ങഠം മെച്ചപ്പെടുന്നതിനോ സഹായകമാകുമെന്നു തോന്നുന്നില്ല.

ബില്ലിൽ ഖണ്ഡിക 243 ജി. അനുസരിച്ച് സംസ്ഥാന ധനകാര്യ കമ്മീഷൻെറ ചുമതലകളെ രണ്ടായി വിഭജിച്ചിരിക്കുന്നു. അതിൽ ഒന്നാംഭാഗം തന്നെ മൂന്നായി പുനർ വിഭജനം നടത്തിയിട്ടുണ്ട്.

എ 1 പഞ്ചായത്തുകഠംക്ക് പിരിക്കാവുന്ന നികുതി, ഡ്യൂട്ടി, കടത്ത് കൂലി, ഫീസ് എന്നിവ നിർണ്ണയിക്കൽ

എ 2 നികുതി, ഡ്യൂട്ടി, കടത്ത്കൂലി, ഫീസ് എന്നിവയിൽ നിന്നുള്ള സംസ്ഥാന വിഹിതം പഞ്ചായത്തുകഠംക്കിടയിൽ പങ്കിടൽ സംബന്ധിച്ച നിബന്ധനകഠം തയ്യാറാക്കൽ

എ 3 സംസ്ഥാനത്തിൽനിന്ന് പഞ്ചായത്തുകഠംക്കുള്ള ഗ്രാൻറും സഹായങ്ങളും തീർച്ചപ്പെടുത്തൽ.

രണ്ടാമത്തെ ഭാഗം (ബി) ആകട്ടെ, പഞ്ചായത്തുകളുടെ ധനകാര്യ സുസ്ഥിതിക്കായി ഗവർണർക്ക് നിർദ്ദേശിക്കാവുന്ന മററ് കാര്യങ്ങളാണ്. ഇവ എന്തൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടില്ല. മാത്രമല്ല, ധനകാര്യക്കമ്മീഷൻെറ ടേംസ് ഓഫ് റഫറൻസ്—പരിഗണനയുടെ ചട്ടക്കൂട്—ഗവർണർമാർതന്നെ തീർച്ചപ്പെടുത്തുന്നതായി ഭരണഘടനാപരമായി അനുശാസിക്കുകയും ചെയ്യുന്നു. സംസ്ഥാനങ്ങളിലെ ജനങ്ങഠം തെരഞ്ഞെടുത്ത ഗവൺമെൻറും ഇന്ത്യൻ യൂണിയൻ പ്രസിഡണ്ട് നിയമിക്കുന്ന ഗവർണറും തമ്മിൽ വൈരുധ്യങ്ങളും സംഘട്ടനങ്ങളും വർധിച്ചുവരുന്ന ഒരു കാലഘട്ടമാണിത്. ഈ സാഹചര്യത്തിൽ ഗവർണർക്ക് കൂടുതൽ സാമ്പത്തികാധികാരം നൽകുന്നത് ഇന്നത്തേതിനേക്കാളും കേന്ദ്രീകരണത്തിലേക്കാണ് നയിക്കുക.

കേന്ദ്രം നിയമിക്കുന്ന ഒരു ധനകാര്യകമ്മീഷനുമായി സംസ്ഥാനങ്ങഠം ഇന്ന് മല്ലിട്ടുകൊണ്ടിരിക്കയാണ്. ഒമ്പതാം ധനകാര്യക്കമ്മീഷൻെറ 'പരിഗണനാ ചട്ടക്കൂട്'' തന്നെ കേരളത്തിന് ദോഷകരമായിരുന്നുവെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് ചൂണ്ടിക്കാട്ടിയിരുന്നു. ഇതോടൊപ്പം സംസ്ഥാന ധനകാര്യക്കമ്മീഷനുകളുമായി ആയിരക്കണക്കിന്

പഞ്ചായത്തുകൾക്ക് നടത്തേണ്ടിവരുന്ന പരസ്പര മത്സരം നിലവി ലുള്ള സാമ്പത്തിക ബന്ധങ്ങൾ തന്നെ വഷളാക്കാനെ സഹായിക്കൂ. അതത് സംസ്ഥാനങ്ങളിൽ സാമ്പത്തിക കാര്യങ്ങളിൽ തീരുമാനമെടു ക്കാനുള്ള പൂർണ്ണ ഉത്തരവാദിത്വം സംസ്ഥാന സർക്കാരുകളെ ഏൽപ്പി ക്കുകയാണ് വേണ്ടത്. ധനകാര്യക്കമ്മീഷൻ ആവശ്യമെന്ന് തോന്നുന്ന സംസ്ഥാനങ്ങൾക്ക് അവ രൂപീകരിക്കാവുന്നതാണ്. കർണാടകത്തിൽ ഇത്തരമൊരു സംവിധാനം ഇപ്പോൾതന്നെ നിലവിലുണ്ട്. അതിന്റെ 'പരിഗണനാ ചട്ടക്കൂട്' തീർച്ചപ്പെടുത്തുന്നത് സംസ്ഥാന സർക്കാർ മാത്രമാണ്.

അത്യന്തം വൈവിധ്യമാർന്ന ഇന്ത്യൻ സംസ്ഥാനങ്ങളിൽ എല്ലാം തന്നെ ഏകരൂപമായ ഒരു പഞ്ചായത്ത് ഭരണ സംവിധാനം നടപ്പാക്കു ന്നത് എത്രകണ്ട് ശാസ്ത്രീയമായിരിക്കും? 20ലക്ഷത്തിലേറെ ജനസം ഖ്യയുള്ള സംസ്ഥാനങ്ങളിൽ ത്രിതല ഭരണസംവിധാനം നടപ്പാക്കിയി രിക്കണമെന്നാണ് ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നത്. മററ് പല സ്ഥാപനങ്ങളിലുമെന്നപോലെ പഞ്ചായത്തുകളുടെ കാര്യത്തിലും ഇന്ത്യൻ സംസ്ഥാനങ്ങൾക്കിടയിൽ വലിയ അന്തരമുണ്ട്. പഞ്ചായത്തു കളുടെ വിസ്തൃതിയിലും ജനസംഖ്യയിലും വലിയ വ്യത്യാസം കാണാം. കേരളത്തിൽ ഏതാണ്ട് മുക്കാൽ ലക്ഷത്തോളം ജനസഖ്യയുള്ള പഞ്ചായത്തുകളുണ്ട്. എന്നാൽ നാലായിരം, അയ്യായിരം, പതിനായി രം എന്ന തോതിലാണ് മിക്ക ഉത്തരേന്ത്യൻ പഞ്ചായത്തുകളിലേയും ജനസംഖ്യ. അതേപോലെ കേരള സംസ്ഥാനത്തേക്കാൾ വലുപ്പമുള്ള ചില ഉത്തരേന്ത്യൻ ജില്ലകളുണ്ട്. കേരളത്തിലെ ചെറിയ ജില്ലകളും വലിയ പഞ്ചായത്തുകളും വെച്ച് പരിശോധിക്കുമ്പോൾ അവക്കിട യിൽ മറെറാരു ഇടതലത്തിന് എത്ര കണ്ട് പ്രസക്തിയുണ്ടെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങ ളിലെ വലിയ ജില്ലകളും ചെറിയ പഞ്ചായത്തുകളും വെച്ച് പരിശോ ധിക്കുമ്പോൾ ഈ നിർദ്ദേശം പ്രസക്തമാണുതാനും. അതിനാൽ ത്രിതലഭരണം വേണമോ ദ്വിതലഭരണം വേണമോ എന്നും ത്രിതലം വേണമെങ്കിൽ ഇടതലത്തിന്റെ സ്വഭാവം എന്തായിരിക്കണമെന്നും തീരു മാനിക്കേണ്ടത് ഓരോ സംസ്ഥാനത്തിലേയും പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ടായിരിക്കണം. മൊത്തം ജനസംഖ്യ മാത്രം കണക്കി ലെടുത്തുകൊണ്ട് ഒരച്ചിൽ വാർത്ത ഒരു ത്രിതല ഭരണസംവിധാനം വേണമെന്ന് ഒരു ബില്ലിലൂടെ നിർദ്ദേശിക്കുന്നത് ഭരണ-വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സഹായകമാകില്ല.

വികസന രംഗത്തും ഇന്ത്യൻ സംസ്ഥാനങ്ങൾക്കിടയിൽ ഭീമമായ അന്തരം കാണാം. പഞ്ചാബ്, ഹരിയാന എന്നിവ കാർഷികമായി മുന്നോക്കം നിൽകുമ്പോൾ മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാ

നങ്ങൾ വ്യാവസായിക പുരോഗതി നേടിയവയാണ്. കേരളമാകട്ടെ, സാക്ഷരത, പൊതുജനാരോഗ്യം, ഗ്രാമീണഗതാഗതം എന്നീ രംഗങ്ങളിൽ മുന്നിട്ട് നിൽകുന്നു. ഒറീസ്സ, ബീഹാർ, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങൾ സാമൂഹ്യവളർച്ചയിൽ വളരെ പിന്നോക്കം നിൽക്കുന്നവയാണ്. ഇവിടങ്ങളിലെല്ലാം പ്രാദേശിക വികസനത്തിനനുയോജ്യമായി വികസന പദ്ധതികളാവിഷ്കരിക്കാൻ കഴിയുന്നത് അവിടുത്തെ പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങൾക്കാണ്. വികസനത്തെക്കുറിച്ചുള്ള പൊതു സമീപനം രൂപപ്പെടുത്തേണ്ടത് സംസ്ഥാന സർക്കാരുകളാണ്. ഇവയ്ക്കാവശ്യമായ വിഭവങ്ങൾ സമാഹരിക്കുന്നതിൽ സംസ്ഥാനങ്ങളെ സഹായിക്കുകയെന്നതാണ് കേന്ദ്രഗവൺമെൻറിൻെറ കടമ. അല്ലാതെ ഇത്തരം പ്രവർത്തനങ്ങളുടെ നടത്തിപ്പിൻെറ സൂക്ഷ്മതലത്തിലേക്ക് കേന്ദ്രം ഇടപെട്ടു തുടങ്ങിയാൽ എല്ലാം കുട്ടിച്ചോറാവുകയേ ഉള്ളൂ. പ്രാദേശികതലാസൂത്രണം വെറും പ്രഹസനമായിത്തീരും. വികസന പ്രവർത്തനം അശാസ്ത്രീയവും നിഷ്ഫലവും ആയിത്തീരും. രാജ്യത്തിൻെറ സമ്പദ്ഘടന തകരാറിലാകും. മാത്രമല്ല രാജ്യത്തിൻെറ ഐക്യം പോലും തകരും.

പഞ്ചായത്ത് തെരഞ്ഞെടുപ്പും കണക്കുകളുടെ ഓഡിററിങ്ങും സംബന്ധിച്ച ബില്ലിലെ നിർദ്ദേശങ്ങളും ചർച്ചക്ക് വിധേയമാക്കേണ്ടതുണ്ട്. ഇപ്പോൾ ഇവ രണ്ടും സംസ്ഥാനത്തിൻെറ പൂർണചുമതലയിലാണ്. അതിലുള്ള പോരായ്മകൾ പരിഹരിക്കേണ്ടതിനു പകരം, ഈ അധികാരങ്ങൾ കേന്ദ്രസർക്കാരിൻെറ ഏജൻസികൾ ഏറെറടുക്കുന്നത് വികേന്ദ്രീകരണത്തിന് സഹായകരമാവില്ല. ഓരോ പഞ്ചായത്തിൻേറയും പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കും ഔദ്യോഗിക ഓഡിററിങ്ങിന് പുറമെ ജനസഭകളിൽ അവതരിപ്പിച്ചുകൊണ്ട് ജനകീയ ഓഡിററിങ്ങിന് വിധേയമാക്കുകയാണ് വേണ്ടത്. പശ്ചിമ ബംഗാളിൽ ഇപ്പോൾ തന്നെ ഈ സമ്പ്രദായം നിലവിലുണ്ട്. അവിടെയൊക്കെ കേന്ദ്ര ഏജൻസിയെ സ്ഥാപിക്കുകയെന്നത് ജനകീയതയിൽ നിന്ന് കേന്ദ്രീകരണത്തിലേക്കുള്ള തിരിച്ചുപോക്കാണെന്നതിൽ സംശയമില്ല. സംസ്ഥാന സർക്കാരുകളെയും അവയുടെ സ്ഥാപനങ്ങളെയും അവിശ്വസിച്ചുകൊണ്ട് ഇന്ത്യൻ രാഷ്ട്രത്തിന് നിലനിൽക്കാനാവില്ല. കേരളത്തിൽ ഇന്ന് തന്നെ നിലവിലുള്ള ലോക്കൽഫണ്ട് ഓഡിററിങ്ങ് സമ്പ്രദായം കാലോചിതമായി പരിഷ്കരിക്കുകയും പഞ്ചായത്ത് പ്രവർത്തനങ്ങളെ കൺകറൻറ് ഓഡിററിങ്ങിന് വിധേയമാക്കുകയുമായിരിക്കും കൂടുതൽ ഫലപ്രദം. അതോടൊപ്പം വരവ് ചെലവ് കണക്കുകളും മററ് വിശദാംശങ്ങളും ജനങ്ങൾക്കുമുമ്പാകെ വെക്കുകയും ചർച്ച ചെയ്യുകയും വേണം.

അതേപോലെ തെരഞ്ഞെടുപ്പ് കമ്മീഷൻെറ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് ഒരു സംസ്ഥാനത്തിലെ പ്രാദേശിക ഭരണ സ്ഥാപനങ്ങ

ളിലെ തെരഞ്ഞെടുപ്പ് നടത്തണമെന്ന നിർദേശവും സംസ്ഥാനത്തിൻെറ അധികാരത്തിലുള്ള കൈകടത്തലാണ്. പല സംസ്ഥാനങ്ങളും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്നത് ശരിതന്നെ. എന്നാൽ എന്താണതിനു കാരണം? ആരാണ് അതിന് ഉത്തരവാദികൾ എന്നു പരിശോധിക്കുകയാണ് വേണ്ടത്. 64-ാം ഭരണഘടനാ ഭേദഗതിബിൽ യഥാർഥത്തിൽ പുരോഗമനപരമായ നിയമനിർമാണത്തിലൂടെ സംസ്ഥാനങ്ങൾക്കുള്ളിൽ പഞ്ചായത്ത് രാജിന് ലഭിച്ചേക്കുമായിരുന്ന സ്വാതന്ത്ര്യവും അധികാരങ്ങളും ഒരു കാലത്തും ലഭിക്കുകയില്ല എന്ന് ഉറപ്പുവരുത്തുകയല്ലെ ചെയ്യുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കൂടുതൽ കൂടുതൽ അധികാരങ്ങൾ കേന്ദ്രത്തിൽനിന്ന് സംസ്ഥാനങ്ങൾക്ക് കൈമാറിക്കൊണ്ടല്ലാതെ ജില്ലാ പഞ്ചായത്ത് തലങ്ങളെ ശക്തിപ്പെടുത്താൻ ആകില്ല. ബില്ലിൻെറ കരട് രൂപത്തിൽ ജനങ്ങൾ തെരഞ്ഞെടുത്ത പഞ്ചായത്തുകളെ പരിച്ചുവിടാൻ പോലുമുള്ള അധികാരം ഗവർണർക്കു നൽകിയിരുന്നു. ജനാധിപത്യ വിരുദ്ധമായ ഈ വകുപ്പിനെതിരെ ജനരോഷം ഉയർന്നപ്പോൾ അത് പിൻവലിക്കാൻ ഗവൺമെൻറ് തയ്യാറായി, വാസ്തവത്തിൽ ഈ 64-ാം ഭരണഘടനാഭേദഗതി കൂടാതെ തന്നെ അതുകൊണ്ട് ഉദ്ദേശിച്ച കാര്യങ്ങൾ നേടാവുന്നതാണ്.

കഴിഞ്ഞ 12 വർഷങ്ങളായി പഞ്ചായത്ത് രാജ് സംവിധാനം പശ്ചിമബംഗാളിൽ ഫലപ്രദമായി നടപ്പാക്കി വരികയാണ്. കർണ്ണാടകത്തിൽ ഈ സംവിധാനം ശക്തമായിത്തുടങ്ങിയിട്ട് കേവലം രണ്ട് വർഷങ്ങൾ മാത്രമെ ആയിട്ടുള്ളുവെങ്കിലും ജനങ്ങൾക്കിടയിൽ ശക്തിയായിവേര്പിടിക്കാൻ ഇതിനകംതന്നെ സാധിച്ചിരിക്കുന്നു. പശ്ചിമബംഗാളിൽ ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് സമിതി, ജില്ലാപരിഷത് എന്നിങ്ങനെ ത്രിതല ഭരണസംവിധാനമാണെങ്കിൽ കർണ്ണാടകത്തിൽ മണ്ഡൽ പഞ്ചായത്ത്, ജില്ലാ പരിഷത് എന്നിങ്ങനെ ദ്വിതലസമ്പ്രദായമാണ് നിലവിലുള്ളത്. താലൂക്കുകളെ അടിസ്ഥാനമാക്കി ഒരു താലൂക്ക് പഞ്ചായത്ത് സമിതി ഉണ്ടെങ്കിലും അവ നേരിട്ട് തെരഞ്ഞെടുക്കപ്പെടുന്നവയല്ല. മേൽനോട്ട പ്രവർത്തനങ്ങൾ മാത്രമാണ് ഇവയുടെ ജോലി. അധികാര വികേന്ദ്രീകരണവും പഞ്ചായത്ത്രാജും കൊണ്ട് നാട്ടിലെ ദുർബല വിഭാഗങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ എല്ലാം പരിഹരിക്കാമെന്ന വ്യാമോഹവും ആർക്കും ഉണ്ടായിരിക്കരുത്. ജാതി മേധാവിത്വത്തിൻെറയും ഫ്യൂഡൽ ആധിപത്യത്തിൻെറയും കീഴിൽ കിടന്നു വീർപ്പുമുട്ടുന്ന ബിഹാറിലെയും ഉത്തരപ്രദേശിലെയുമെല്ലാം 'ഹരിജന'ങ്ങളുടെ അവസ്ഥ എന്താണെന്ന് നമുക്ക് അറിയാം. സാമൂഹ്യ പുരോഗതിയുടെ ഗുണങ്ങളൊന്നും കിട്ടാതെ വികസന പ്രക്രിയയിൽ നിന്ന്തന്നെ അവർ പുറംതള്ളപ്പെട്ടുകൊണ്ടിരിക്കയാണ്. നൂററാണ്ടുകളായി നിലനിൽക്കുന്ന ഫ്യൂഡൽ ആധിപത്യം ജനങ്ങളെ

സാമൂഹ്യമായി ദുർബലരാക്കുമ്പോരം വികസിച്ചുവരുന്ന മുതലാളിത്ത ചൂഷണം അവരെ സാമ്പത്തികമായും ദുർബലരാക്കിക്കൊണ്ടിരിക്കുന്നു. മുന്നോക്ക ജാതിയിൽപെട്ട പാവപ്പെട്ടവർ ജാതിയുടേയും മതത്തിൻേറയും പിടിയിൽ നിന്ന് മോചിതരാണെങ്കിലും വികസിച്ചുവരുന്ന ചൂഷണ വ്യവസ്ഥ അവരേയും ദരിദ്രരാക്കിത്തീർത്തിരിക്കുന്നു.

ജനസംഖ്യയിൽ പകുതിയോളം വരുന്ന സ്ത്രീകരം ഫ്യൂഡൽ മാമൂലുകളിലും മുതലാളിത്ത ചൂഷണത്തിലുംപെട്ട് 'അബല'കളായി മുദ്രകുത്തപ്പെട്ടിരിക്കയാണ്. ഈ 'ദുർബല'രും 'അബല'കളും കൂടിച്ചേരുമ്പോരം നമ്മുടെ ജനസംഖ്യയിൽ ബഹുഭൂരിപക്ഷമാകും. ഇവർക്കനുകൂലമായി, സാമൂഹ്യ ഘടനയിലും ഭൂബന്ധങ്ങളിലും മാററം വരുത്തിയാൽ മാത്രമെ, അധികാര വികേന്ദ്രീകരണം സാർത്ഥകമാകുകയുള്ളൂ. നിർഭാഗ്യവശാൽ, അത്തരം അടിസ്ഥാന മാററത്തിനുള്ള യാതൊരു നിർദ്ദേശവും ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ല. പഞ്ചായത്ത്രാജ് സംവിധാനം വിജയിച്ചുകൊണ്ടിരിക്കുന്ന പശ്ചിമബംഗാരം, കർണ്ണാടകം തുടങ്ങിയ സംസ്ഥാനങ്ങളിൽ ഭൂപരിഷ്കരണം പോലുള്ള അടിസ്ഥാന മാററങ്ങരം നേരത്തെതന്നെ നടപ്പാക്കിയിരുന്നതായി കാണാവുന്നതാണ്.

സാമൂഹ്യ പശ്ചാത്തലം പോലെ പ്രധാനമാണ് ചരിത്രപരമായ പശ്ചാത്തലവും. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ തുടർന്നുവന്ന സാമ്പത്തികനയം, ആസൂത്രണ നടപടികരം, വികസന തന്ത്രം, കേന്ദ്ര-സംസ്ഥാന ബന്ധം എന്നിവയുമായി ബന്ധപ്പെടുത്തി മാത്രമെ, അധികാര വികേന്ദ്രീകരണത്തിനായുള്ള പുതിയ പ്രവർത്തനങ്ങളേയും കാണാൻ കഴിയൂ. ഇന്ത്യയിൽ നടപ്പാക്കിവരുന്ന സാമ്പത്തിക നയത്തിൻേറയും വികസന തന്ത്രത്തിൻേറയും ഫലമെന്താണ്?

ഉൽപാദനം വർദ്ധിപ്പിച്ചെങ്കിലും അതിന്നനുസരിച്ച് ജനസാമാന്യത്തിൻെറ ജീവിത ഗുണനിലവാരം മെച്ചപ്പെട്ടില്ല. രാജ്യത്ത് കാർഷികോൽപാദനം ഗണ്യമായി വർദ്ധിച്ച കാലയളവിൽ തന്നെ പട്ടിണിക്കാരുടേയും അർദ്ധ പട്ടിണിക്കാരുടേയും എണ്ണവും വർദ്ധിക്കുകയുണ്ടായി. ഫാക്ടറികരം എണ്ണത്തിൽ കൂടിയെങ്കിലും തൊഴിലില്ലാത്തവരുടെ എണ്ണവും വർദ്ധിക്കുക തന്നെയാണുണ്ടായത്. സർവകലാശാലകളും കോളേജുകളും കൂടി വന്നപ്പോരം തന്നെയാണ് നിരക്ഷരരും പെരുകിവന്നത്. അതേപോലെ മെഡിക്കൽ കോളേജുകളും ഡോക്ടർമാരുമെല്ലാം കൂടുതലുണ്ടായപ്പോരംതന്നെയാണ് ചികിത്സ കിട്ടാതെ രോഗികരംമരിക്കാനും ഇടവരുന്നത്. ജനങ്ങളുടെ ജീവിതപ്രശ്നങ്ങരം പരിഹരിക്കാൻ കഴിയാത്ത വികസനത്തെ, നമുക്ക് വികസനമായി കാണാൻ കഴിയുമോ? വികസനം വെറും ഉൽപാദന വർദ്ധന മാത്രമല്ല, നീതിപൂർവ്വമായ വിതരണം ഉറപ്പുവരുത്തുകയും അതുവഴി ജീവിത പ്രശ്ന

ങ്ങൾ പരിഹരിക്കാൻ കഴിയുകയും ചെയ്യുന്ന ഒരു സാമൂഹ്യ സംവിധാനം കൂടിയാണ്.

നമ്മുടെ വികസനരംഗത്ത് ജനവിരുദ്ധ താൽപര്യങ്ങൾ ശക്തിപ്പെട്ടു വരികയാണ്. നമ്മുടെ ജനങ്ങളിൽ മഹാഭൂരിഭാഗം അനുദിനം പാപ്പരായിക്കൊണ്ടിരിക്കുന്നു. അഞ്ചോ പത്തോ ശതമാനം വരുന്ന ഒരു ചെറിയ ന്യൂനപക്ഷമാകട്ടെ, കൂടുതൽ ധനികവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ എടുത്തുപറയാവുന്ന ഒട്ടനവധി നേട്ടങ്ങൾ നമ്മുടെ രാജ്യത്തിന് അവകാശപ്പെടാനുണ്ടെങ്കിലും അവയൊന്നും തന്നെ ദിവസംതോറുമെന്ന മട്ടിൽ ദാരിദ്ര്യത്തിലേക്കും സാമൂഹ്യവും സാംസ്കാരികവുമായ പിന്നോക്കാവസ്ഥയിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്ന ജനങ്ങളുടെ ജീവിതത്തിലോ കാഴ്ചപ്പാടിലോ മാററങ്ങൾ വരുത്തിയിട്ടില്ല. ചുരുക്കത്തിൽ, നമ്മുടെ നാട്ടിൽ അനുവർത്തിച്ചുവന്ന വികസന തന്ത്രങ്ങളെല്ലാംതന്നെ ഇവിടുത്തെ ധനികവൽക്കരണ-ദരിദ്രവൽക്കരണ പ്രക്രിയയെ സഹായിക്കുക മാത്രമാണ് ചെയ്തത്. ഈ വികസനതന്ത്രത്തിൻെറ ഭാഗമായി വികേന്ദ്രീകരണം നടപ്പാക്കിയാലും അതിൻെറയും അത്യന്തികഫലം ന്യൂനപക്ഷം വരുന്ന സമ്പന്ന വിഭാഗത്തിന് മാത്രമായിത്തീരാതിരിക്കണമെങ്കിൽ അതിനുവേണ്ട ജനങ്ങളുടെ ഇച്ഛാശക്തി വളർത്തിക്കൊണ്ടുവരികതന്നെ വേണം.

കേരളത്തിലെ ശ്രമങ്ങളും സാധ്യതകളും

പഞ്ചായത്ത് രാജ് സംവിധാനം നടപ്പാക്കുന്നതിനായി കേരളത്തിൽ പണ്ടുമുതൽക്കേ ഒട്ടേറെ ശ്രമങ്ങൾ നടന്നിട്ടുണ്ട്. 1957ൽ അന്നത്തെ മുഖ്യമന്ത്രി ചെയർമാനായിക്കൊണ്ട് രൂപീകരിച്ചിരുന്ന ഭരണപരിഷ്കാര കമ്മററി സംസ്ഥാന ഭരണത്തിൻെറ അടിസ്ഥാനഘടകം പഞ്ചായത്ത് ആയിരിക്കണമെന്ന് നിർദ്ദേശിച്ചു. അഖിലേന്ത്യാതലത്തിൽ ശ്രീ. ബലവന്തറായ്മേത്താ കമ്മററി പഠനം നടത്തിയിരുന്നതും ഇതേ കാലയളവിൽതന്നെയായിരുന്നു.

കേരള പഞ്ചായത്ത് ബിൽ 1958 ഡിസംബർ 9നും ജില്ലാ കൗൺസിൽ ബിൽ 1959 ഏപ്രിൽ 16നും നിയമസഭയിൽ അവതരിപ്പിച്ചു. ഇവ പാസ്സാക്കുന്നതിന് മുമ്പുതന്നെ നിയമസഭ പിരിച്ചുവിട്ടു. പിന്നീട് നടന്ന പല ശ്രമങ്ങളും പരാജയപ്പെടുകയാണുണ്ടായത്. 1967 മാർച്ചിൽ അധികാരത്തിൽ വന്ന മന്ത്രിസഭ, ആഗസ്തിൽ തന്നെ പഞ്ചായത്ത് ബിൽ നിയമസഭയിൽ അവതരിപ്പിച്ചു. തുടർന്ന്, സെലക്ട് കമ്മററിയുടെ പരിഗണനക്ക് ശേഷം ബില്ല് വീണ്ടും 1969 മാർച്ച് 26ന് അവതരിപ്പിച്ചെങ്കിലും ഏറെ കഴിയുംമുമ്പ് നിയമസഭ ഇല്ലാതായി. 1978 ആഗസ്തിൽ ഈ ബില്ല് ഏതാനും മാററങ്ങളോടെ നിയമ

സഭയിൽ അവതരിപ്പിച്ചു. 1979ൽ ബില്ല് പാസ്സാകുകയും 1980ൽ രാഷ്ട്രപതിയുടെ അനുമതി ലഭിക്കുകയും ചെയ്തു. 1980 ആദ്യം ബില്ല് നടപ്പാക്കാൻ ചില ശ്രമങ്ങളൊക്കെ നടത്തിയെങ്കിലും വിജയിച്ചില്ല. 1987ലെ പൊതു തെരഞ്ഞെടുപ്പിനു ശേഷം വികേന്ദ്രീകരണം വീണ്ടും അജണ്ടയിൽ വന്നിരിക്കയാണ്. ജില്ലാ ഭരണബില്ല് നടപ്പാക്കുന്നതിന് വരുത്തേണ്ടുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കാനായി മുൻ ചീഫ് സെക്രട്ടറി ശ്രീ. വി. രാമചന്ദ്രനെ സർക്കാർ ഏകാംഗ കമ്മീഷനായി നിയമിച്ചു. അതിന് മുമ്പ്തന്നെ പെട്ടെന്ന് നടപ്പാക്കാവുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് നിർദ്ദേശിക്കാൻ പ്രസിദ്ധ ധനശാസ്ത്രജ്ഞനായ ഡോ: എസ്. ബി സെന്നിൻെറ നിർദ്ദേശങ്ങൾ തേടുകയും ചെയ്തിരുന്നു. എട്ടാംപദ്ധതിച്ചെലവിൻെറ 30% പഞ്ചായത്തുകളിലൂടെയും, ബ്ളോക്കുകളിലൂടെയും ജില്ലകളിലൂടെയും രൂപപ്പെട്ടുവരുന്ന പ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവെച്ചിരിക്കയാണ്. ബ്ളോക്കിലും ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട സമിതികർ ഇല്ലാത്തതിനാൽ ഈ പ്രതിനിധികളുടെ നോമിനേററ് ചെയ്ത സമിതിയാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. സംസ്ഥാന ആസൂത്രണ ബോർഡ് അതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നേരത്തെ തന്നെ തയാറാക്കിയിരുന്നു. ''കേരളത്തിൻെറ എട്ടാം പദ്ധതിയോടുള്ള സമീപനം'' എന്ന ആസൂത്രണ ബോർഡിൻെറ പ്രസിദ്ധീകരണത്തിൽ അധികാര വികേന്ദ്രീകരണത്തിൻെറ ആവശ്യകതയും പ്രാധാന്യവും എടുത്തു പറയുകയും എട്ടാം പദ്ധതിക്കാലത്ത് ഇതിനായുള്ള ശ്രമങ്ങൾ ബോധപൂർവ്വം നടത്തുമെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതിഅടങ്കലിൻെറ 30% പ്രാദേശികഭരണ സ്ഥാപനങ്ങൾക്ക് നൽകികൊണ്ടുള്ളത് തീർച്ചയായും പുതിയൊരു കാൽവെപ്പുതന്നെയായിരുന്നു. പക്ഷെ, വർഷങ്ങളായി നിലവിലുള്ള രീതിയിൽ നിന്ന് തികച്ചും വ്യത്യസ്തമായ മറെറാരു രീതി ചുരുങ്ങിയ കാലയളവിൽ സ്വാംശീകരിക്കാൻ പഞ്ചായത്ത് സമിതികൾക്കോ, ബി. ഡി. സി., ഡി. ഡി. സി.തുടങ്ങിയ നോമിനേററഡ് സമിതികൾക്കോ കഴിഞ്ഞിരുന്നില്ല. അതുകൊണ്ടുതന്നെ, എട്ടാം പദ്ധതിയോടുള്ള ആസൂത്രണ ബോർഡിൻെറ സമീപനരേഖയിൽ വ്യക്തമാക്കിയിട്ടുള്ള കാഴ്ചപ്പാടിനോട് പൂർണ്ണമായും നീതി പുലർത്താൻ പഞ്ചായത്ത് തലപദ്ധതികൾക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തുകൾ ഇപ്പോൾ രൂപപ്പെടുത്തിയിട്ടുള്ളത് അഞ്ച് വർഷത്തേക്കുള്ള പ്രവർത്തനങ്ങളാണ്. ഇവയൊക്കെ ആസൂത്രണ ബോർഡ് പരിശോധിച്ചതിന് ശേഷം വിഭവലഭ്യതക്കനുസരിച്ച് വാർഷിക പദ്ധതികൾ തയാറാക്കാനായി പഞ്ചായത്തുകളിലേക്ക് തിരിച്ചയക്കും.

വാർഷികപദ്ധതി രൂപീകരണവേളയിലും ഇപ്പോൾ സംഭവിച്ച പിഴവുകൾ ഉണ്ടാവാതിരിക്കണമെങ്കിൽ ബോധപൂർവ്വമുള്ള വിദ്യാഭ്യാസ പരിപാടികളും പ്രചരണപരിപാടികളും ഇപ്പോൾ തന്നെ നടത്തേണ്ടതായുണ്ട്. ഈ ലക്ഷ്യത്തോടെയാണ്, കേരളത്തിലെ പഞ്ചായത്ത് പ്രസിഡണ്ടുമാർക്ക് പഠനക്കളരികൾ നടത്താൻ ശാസ്ത്ര സാഹിത്യ പരിഷത് ശ്രമിച്ചു വരുന്നത്. പഞ്ചായത്ത് സമിതി അംഗങ്ങൾക്ക് തങ്ങളുടെ പരിമിതികളും സാദ്ധ്യതകളും മനസിലാക്കാൻ ഈ പഠനക്കളരികൾ സഹായിക്കുന്നുണ്ട്. പഞ്ചായത്ത് രാജ് സംവിധാനം നടപ്പിൽ വരണമെന്നും, തങ്ങൾക്ക് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ കഴിയണമെന്നും, ഇന്നത്തെ ഉദ്യോഗസ്ഥ മേധാവിത്വവും കരാർ സമ്പ്രദായങ്ങളും അവസാനിപ്പിക്കണമെന്നും പഞ്ചായത്ത് സമിതികൾക്ക് ആത്മാർത്ഥമായ ആഗ്രഹമുണ്ട്. ഇതിന് വേണ്ട സഹായങ്ങൾ നൽകാൻ പഞ്ചായത്ത് വകപ്പും, ആസൂത്രണബോർഡും, പഞ്ചായത്ത് അസോസിയേഷനും, രാഷ്ട്രീയപാർടികളുമെല്ലാം ശ്രമിക്കേണ്ടതാണ്.

വികസനത്തെ സംബന്ധിച്ച് സമഗ്രമായൊരു സമീപനത്തിന്റെ അഭാവം, പല തെററിദ്ധാരണകളിലേക്കും പഞ്ചായത്തുകളെ നയിച്ചിട്ടുണ്ട്. പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾ പോലും ജനങ്ങളുടെ ദീർഘകാല ആവശ്യങ്ങൾക്ക് യോജിക്കുന്ന വിധം ശാസ്ത്രീയമായല്ല നടപ്പാക്കിവരുന്നത്, പഞ്ചായത്ത് വികസനമെന്നാൽ റോഡ്, കമ്മ്യൂണിററി ഹാൾ, സ്റേറഡിയം, കെട്ടിട നിർമാണം തുടങ്ങിയ മരാമത്ത് പണികൾ മാത്രമാണെന്ന ഒരു ധാരണ ജനങ്ങൾക്കിടയിലുണ്ട്. കഴിഞ്ഞകാല പ്രവർത്തനങ്ങളാണ് ജനങ്ങൾക്കിടയിൽ ഈ ധാരണ വളർത്തിയത്. ചിലയിടങ്ങളിൽ റോഡ് അത്യാവശ്യമായേക്കാം. അത് തീർച്ചപ്പെടുത്തേണ്ടത് സാമ്പത്തികവും സാമൂഹ്യവും ശാസ്ത്രീയവുമായ പരിഗണനയുടെ അടിസ്ഥാനത്തിലായിരിക്കണം. പഞ്ചായത്ത് തലത്തിൽ ഇന്ന് പൊതുവെ കാണുന്ന, മരാമത്ത് പ്രവർത്തനങ്ങളോടുള്ള ആഭിമുഖ്യത്തിൽ മാററം വരണം. കോൺട്രാക്ടർമാരിൽ ഊന്നിക്കൊണ്ട് പ്രവർത്തനങ്ങളെ വകുപ്പടിസ്ഥാനത്തിൽ വിഭജിക്കുന്ന രീതിയായതുകൊണ്ടാവാം ഇങ്ങനെ വന്നുപെടുന്നത്. ഉൽപാദനക്ഷമമായ പ്രവർത്തനങ്ങൾക്ക് മുൻഗണന കിട്ടാതെ പോകുന്നു എന്നതാണ് ഈ രീതിയുടെ പ്രധാന വൈകല്യം. പശ്ചിമബംഗാൾ, കർണാടകം തുടങ്ങിയ സംസ്ഥാനങ്ങളിൽ വർഷത്തിൽ രണ്ടു തവണ വാർഡ്തല യോഗങ്ങൾ (ഗ്രാമസഭകൾ) നടത്തിയാണ് അവിടേക്കുവേണ്ട പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് തീരുമാനിക്കുന്നത്. ജനങ്ങൾ ഏററവും പ്രധാനപ്പെട്ടതെന്ന് തീരുമാനിക്കുന്ന പ്രവൃത്തികൾ ജനങ്ങളുടെ തന്നെ നടത്തിപ്പു കമ്മററികൾ വഴി നടപ്പാക്കുകയാണ് ചെയ്യുന്നത്. പശ്ചിമബംഗാളിൽ ഇത്തരം ജോലികളിൽനിന്ന് കോൺട്രാക്ടർമാരെ പൂർണ്ണമായും കർണ്ണാടകത്തിൽ ഭാഗികമായും ഒഴിവാക്കിയിരിക്കുന്നു.

വികേന്ദ്രീകൃതാസൂത്രണവും, ജനപങ്കാളിത്തത്തോടെയുള്ള വികസന പ്രവർത്തനങ്ങളും നടപ്പാക്കാൻ ഏററവുമധികം സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. പുരോഗമനപരമായ ഭൂപരിഷ്കരണങ്ങളിലൂടെ നേരത്തെ സൂചിപ്പിച്ചതുപോലുള്ള ഫ്യൂഡൽ ഭൂബന്ധങ്ങൾ ഇല്ലാതാക്കാൻ കേരളത്തിൽ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ പഞ്ചായത്ത് സമിതികളിൽ ബഹുഭൂരിഭാഗവും സാധാരണ ജനങ്ങളുടെ പ്രതിനിധികളാണ്. ജനങ്ങളുടെ ഉയർന്ന സാക്ഷരത, രാഷ്ട്രീയ ബോധനിലവാരം എന്നിവയും സഹായകരമായ ഘടകങ്ങളാണ്. അനുകൂല സാഹചര്യങ്ങൾ ഇത്രക്കൊന്നും ഇല്ലാതിരുന്ന പശ്ചിമബംഗാൾ, കർണ്ണാടകം തുടങ്ങിയ സംസ്ഥാനങ്ങളിൽ പഞ്ചായത്ത് രാജ് സംവിധാനം ഇന്നത്തേതുപോലെ വിജയിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ കേരളത്തിൽ അതിനേക്കാൾ എത്രയോ മടങ്ങ് വിജയം നേടാവുന്നതാണ്. വളരെയേറെ പുരോഗമനപരമാണ് കേരളത്തിലെ ജില്ലാ ഭരണ നിയമം. 10 വർഷമായി കെട്ടിവെച്ചിരിക്കുന്ന ഈ നിയമം നടപ്പാക്കുന്നതിനായി ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പ് എത്രയുംവേഗം നടത്തുന്നതിന് സംസ്ഥാന സർക്കാർ മുൻകയ്യെടുക്കേണ്ടിയിരിക്കുന്നു. നേരത്തെ തന്നെ നടപ്പാക്കിയിരുന്നെങ്കിൽ അധികാര വികേന്ദ്രീകരണരംഗത്ത് ഇതിനകം തന്നെ മററ് സംസ്ഥാനങ്ങൾക്ക് മാതൃകയാവാൻ കേരളത്തിന് കഴിയുമായിരുന്നു.

വില: ഒരു രൂപ

Printing : Social Scientist Press, Trivandrum-695 014